# മോർണിംഗ് വോക്

റോസ് ജോർജ്



മോർണിംഗ് വോക്
റോസ് ജോർജ്
(മലയാളം: കവിത)

© 2023, Rose George

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Uden for et bondehus, a painting by Laurits Andersen Ring (1854–1933). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

1 മോർണിംഗ് വോക് . . . . . . 4

2 ഒരുക്കം. . . . . . . . . . . . . . . . . . 5

3 പിരി വെട്ടാതെ . . . . . . . . . . . 6

4 വൃദ്ധബാലൻ . . . . . . . . . . . . . 7

5 മടക്കം . . . . . . . . . . . . . . . . . . 8

6 മഴ. . . . . . . . . . . . . . . . . . . . . . 9

1

# മോർണിംഗ് വോക്

നിശ്ചലം ജലാശയം
മുറ്റിനിന്നീടുന്നതിൽ
കെട്ടടങ്ങാത്ത ദാഹം
ഒഴുക്കിൻ കനപ്പുകൾ

പച്ചച്ച
കായൽപ്പോള
ഓളത്തിൻ തരിപ്പിനെ
ധ്യാനത്താലെതിരേറ്റ്
കാലുകൾ നീട്ടിത്താഴ്ത്തി
നിർവൃതി നേടീടുന്നു.

തിട്ടമേലള്ളിക്കേറി മതിലേൽ
ചാരി നിൽക്കും വരത്തൻ പൊന്തക്ക്
നാടേതോ മലമ്പാത

വന്നടിഞ്ഞിടും തീരം
വീടെന്നു കരുതുമ്പോൾ
വേരുകളെങ്ങോട്ടെന്ന സങ്കടം
ബാക്കിയുണ്ട്

കനാലിൻ പറ്റെ നിന്ന്
ചിലപ്പിൻ വാദ്യമേളം
അതിൽ നിന്നുയിർകൊള്ളും
ഭാഷ തൻ അർത്ഥം തേടി
കണ്ണുകൾ മേപ്പോട്ടോടി

ഉടലിൽ ചെണ്ടു കുത്തി
ശോകമൊട്ടില്ലെന്ന മട്ടിൽ
അശോകം വിളിക്കുന്നു

തളിർപ്പിൻ ലാസ്യ ഭാവം,
ചെറുനാവുകൾ താഴ്ത്തി
സാരള്യഭാവം പൂണ്ട്.

പുലരി നടപ്പുകാർ
യന്ത്രത്തിൽ കുടുങ്ങുന്നു
ചുവടിൻ എണ്ണം തേടി
കാഴ്ചകൾ മറക്കുന്നു.

മുളങ്കാടേറ്റുവാങ്ങും
കാറ്റിൻ ശിലായ്മയിൽ
അനക്കം തട്ടുന്നുണ്ട്
പോളകൾ മിണ്ടുന്നുണ്ട്

മാനത്തുകണ്ണിം മറ്റും
ഊളിയിട്ടുയരുന്നു
പരപ്പിൻ തട്ടിന്മേലെ
വിരികൾ മാറുന്നുണ്ടോ
വെട്ടങ്ങൾ തെളിഞ്ഞുവോ
നോക്കീട്ട് മടങ്ങുന്നു

ആയതിൻ മാറിൽ കാണാം
വരഞ്ഞു കീറിയപോൽ
ജെറ്റിന്റെ കിതപ്പുകൾ
ദൂരത്തിൻ കീറലൊന്ന്
മുറി കൂടും മുൻപ്
കാഴ്ചയെ കവർന്നു ഞാൻ
മുന്നോട്ട് നടക്കട്ടെ.

## 2

# ഒരുക്കം

പണിയായുധങ്ങളെല്ലാം
പഴകി ദ്രവിച്ച
മൂർച്ച കുറഞ്ഞതായി കാണപ്പെടുന്നു.
ഇടം വലം ഉരച്ച
രാകി മിനുക്കാൻ
ഈ ഭൂപ്രദേശത്ത് അരമുള്ള കല്ലുകളുമില്ല.

കൊയ്ത്തിനായ് വരുന്നവരെ,
കൊളുന്തുകൾ വേഗം
നുള്ളിയെടുത്തോളൂ.
തളിരിലകൾ ഊർത്തിയെടുക്കുക.
വിളവുകൾ മെല്ലെ പൊട്ടിച്ചെടുക്കുക.
പൂക്കൾ തല്ലിക്കൊഴിക്കാതെയും
ഫലങ്ങൾ എറിഞ്ഞു വീഴ്ത്താതെയും നിങ്ങളുടെ
ക്ഷമ എന്റെ ഉടൽക്കാമ്പിനെ
നേരിട്ട്
അറിയിക്കുക

പുതിയ കുപ്പായങ്ങൾ
എന്നെ അലോസരപ്പെടുത്തുന്നു
ആയതിനാൽ
തല്ലി നിവർന്ന്
ആടിയുലഞ്ഞു ശ്വസിക്കുന്ന തരം നൂലുകൾ
തലങ്ങും വിലങ്ങും വന്നെന്നെ മൂടട്ടെ

കരിങ്കൽ ഭിത്തികളുടെ തണുപ്പ്
അസ്ഥിയെ തൊട്ടുണർത്തുമ്പോൾ
അഴികളുള്ള കൂടുകളും
തുറസ്സിലേക്ക് മുഖം നോക്കുന്ന
കൂടാരങ്ങളും മോഹിപ്പിക്കുന്നുവല്ലോ

വെളിമ്പ്രദേശത്ത് രാപ്പകൽ വയറ്റാട്ടിയുടെ
സൂക്ഷ്മതയോടെ ഞാൻ
ഉറക്കമൊഴിഞ്ഞിരിക്കും
വിരിപ്പുകൾ വെളുപ്പിലും കറുപ്പിലും
താനേ നിവരുമ്പോൾ
കൈകുമ്പിളിൽ നിന്ന്
ഊർന്നിറങ്ങുന്ന ആത്മസത്തയെ
ഞാൻ പുനരാഗമനത്തിനായി
മണ്ണിലേക്ക് പറഞ്ഞു വിടും

ശ്വാസം പോലും നേർത്തതാണെനിക്ക്
വേണ്ടത്
അഗ്രാഹ്യമായ ഇരുണ്ടപ്രദേശങ്ങളിലൂടെ
കുന്നും മലയും കേറിയിറങ്ങുമ്പോൾ
അതല്ലേ ഉചിതം.
അവസാനം
“വീടെത്തിയെന്നുള്ള ആശ്വാസം”
തോളുകൾ കുലുക്കി
ഒട്ടും കിതപ്പില്ലാതെ
പറയണമെന്നുമുണ്ട്.

# 3

# പിരി വെട്ടാതെ

അന്നൊക്കെ
ഊഹം വച്ച്
കമ്മലിടുമ്പോഴും
സേവനാഴിയിൽ
മാവ് നിറച്ച അടപ്പ് തിരിക്കുമ്പോഴും
അമ്മ പറയാറുണ്ടായിരുന്നു.
"പിരിവെട്ടാതെ സൂക്ഷിക്കണം" എന്ന്

എത്ര സൂക്ഷിച്ചിട്ടും
പിരിവെട്ടിയിട്ടുണ്ട്
അപ്പോൾ വലത്തോട്ട്
വാശിയോടെ മുറുക്കില്ല
ഒന്നയഞ്ഞു നിന്ന് ശ്വസിച്ച്
ഇടത്തോട്ട് മെല്ലെ തിരിച്ച്
പുറത്തു വരും
അറിവ് തിരിച്ചറിവാകും.

ഒരൊറ്റ വെട്ടിൽ ചുറ്റിക്കറങ്ങി
തുരങ്കങ്ങൾക്കുള്ളിലേക്ക്
അമർന്നു പോയൊരു ആണി
എന്തിന്റെയൊക്കെയോ ഉറപ്പാണ്
താനെന്ന് അവകാശപ്പെടുന്നു.
എങ്കിലും
രേഖപ്പെടുത്താനാവാത്ത
ചെറുപ്രകമ്പനങ്ങൾ പോലും
അതിനെയും ഭയപ്പെടുത്തുന്നുണ്ട്.

ഉച്ചസമയത്ത്
ചോറ്റുപാത്രത്തിന്റെ
പിരിവെട്ടുന്നത് ദുരന്തമാണ്
അത് സമവാക്യങ്ങളെയും
നീതിസാരങ്ങളെയും
ജഡരാഗ്നിയാൽ ഭസ്മമാക്കും
പുക പിടിച്ചൊരു ആത്മാവ്
പടരാനുള്ള വെമ്പലുമായി
വിടുതലിന്റെ മുഴക്കത്തിന്
ചെവികൂർപ്പിച്ച് എവിടെയോ
ചിന്നിച്ചിതറും

അപ്പോഴും
ആന്തരികമായ ചുറ്റുവളയങ്ങളിൽ
ബോദ്ധ്യങ്ങളോരോന്നും
പിരിവെട്ടാതെ തിരിഞ്ഞു കൊണ്ടിരിക്കും
ജാഗ്രത്തിലും സൂക്ഷ്മത്തിലും
നടക്കുന്നതാകയാൽ
അത് ദൃശ്യലോകത്തിന്
നിഷേധിക്കപ്പെടുന്ന ഒന്നാണ്.

ഞാൻ ആലോചിക്കുകയായിരുന്നു
സമയത്തെക്കുറിച്ച്
അതിന്റെ പിരി എപ്പോഴും
മുന്നോട്ട് തന്നെയാണല്ലോ

തിരിച്ചിറക്കി വിടില്ലാന്നുള്ള
ഉത്തമബോധ്യത്താലല്ലേ
വെട്ടിലൊന്നും വീഴ്ത്താതെ
മർത്യരെ ഇങ്ങനെ
എങ്ങോട്ടോ
'യേതുമൊന്നുമറിയാതെ'
കൊണ്ട് നടക്കുന്നത്.

ആർക്കറിയാം.

# 4

# വൃദ്ധബാലൻ

രണ്ടായിരത്തിപ്പത്തിൽ ഒക്കിനാവോയിലെ
തുറമുഖത്ത് നിന്ന്
പുറപ്പെട്ടപ്പോൾ
ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ
എല്ലാം കൃത്യമായി എഴുതിയിട്ടിരുന്നു.

വിശാലലോകത്തിലേക്കുള്ള
പ്രവേശനപാത
ശാന്ത സമുദ്രത്തിന്റെ സൗമ്യതയിലൂടെ

ചെറി വസന്തവും നീലപൊൻവെട്ടവും
ഓർമ്മകൾക്ക് വിട്ടു കൊടുത്തു.
കടന്നു പോകലിന്റെ മുദ്ര പതിപ്പിച്ച
പസിഫിക്കിനെ നൊമ്പരപ്പെടുത്തിയുമില്ല
പൊടുന്നനെ മുറിച്ചുകടിയ ജലപ്പിളർപ്പ്.
മേലെ പറക്കുന്ന ദേശാന്തരഗാമികൾ
വാല് കുത്തി മറിയുന്ന ഡോൾഫിനുകൾ
പ്രയാണത്തിന് സാക്ഷിയായി
ഇരുളും വെളിച്ചവും.

സൗത്ത് ചൈന വഴി
മലാക്ക കടലിടുക്ക് കടന്ന്
ഇന്ത്യൻ മഹാസമുദ്രത്തിന്റെ
ആലിംഗനത്തിലമർന്ന്
അങ്ങനെ
പേർഷ്യൻ ഗൾഫിന്റെ തീരത്ത്.

ഒരിടത്ത്
ഒന്നിരിക്കാൻ കൊതിച്ചു.
ഒറ്റയിരുപ്പിന് അനുവദിച്ചു കിട്ടിയത്
പത്ത് വർഷം.
കോർണിഷിലെക്ക് തുറക്കുന്ന
പച്ച ജനാലകളുള്ള വീട്.
അറേബ്യൻ ഊദിന്റെയും
ലെബനീസ് ഫലഫിലിന്റെയും
ഗന്ധം പേറുന്ന വഴികൾ
അടുക്കളയോട്ട് ചേർന്ന്
വീടെന്ന കൂട്ടിച്ചേർക്കലിൽ
അലക്കെന്ന മഹാദൗത്യം.
അതിൽ ഉടൽമർമ്മരം ആടിയുലഞ്ഞു
15,
30,
45
അക്കങ്ങളിൽ ജലനിരപ്പ്
ക്രമീകരിച്ചിരുന്നു
അതിൽ കർത്തവ്യങ്ങൾ
വെളിപ്പെട്ടു.

ചെറുത്
വലുത്
മിനുസമുള്ളത്
പരുപരുത്തത്
കടും നിറങ്ങൾ
ഇളം നിറങ്ങൾ

സന്ദർഭമനുസരിച്ച ആടിത്തീർത്തും
കറങ്ങിയടിച്ചും
കിതച്ചുതിയും
ഒറ്റബിന്ദുവിൽ
വിശ്രാന്തി.
ആ താളത്തോട്ട് ജീവിതം സമരസപ്പെട്ടു
മനോവിചാരങ്ങൾക്കൊത്ത്
കേൾവിയെ മുറിക്കാതെ
ചരട് പൊട്ടാതെ
കൊളുത്തുകൾ കുരുങ്ങാതെ
നാണയങ്ങൾ ചളുക്കാതെ...

ഔപചാരികമായതൊക്കെ വിട്ടു നിന്നു.
മേന്മയേറിയത് അകന്നും.

മരുക്കാറ്റ് വെള്ളയെ
ചുവപ്പിച്ചു
നേർത്തതിനെ എതിർദിശയിലേക്ക് പറത്തി
ക്ലിപ്പുകളിൽ നിന്ന്
വേർപ്പെടാതെ നിന്നവയെ
ഒരുവൾ “സ്വന്തം” എന്ന് വിളിച്ചു.

പെട്ടന്നൊരു ദിനം
അറബിക്കടലിന്റെ തീരത്ത്
പലവകയിൽ ഒന്നായി
ട്രാൻസ്ഫർ ഓഫ് റെസിഡൻസ്
എന്നൊരു മുദ്രയിൽ

ദൂരങ്ങൾ, വർഷങ്ങൾ
ജീവിതാവേഗങ്ങളുടെ ചുവടുകൾ വച്ചു.
ക്ഷീണം, ഞരക്കം,
കാര്യക്ഷമതയിൽ പിന്നോക്കം
ഓർമ്മക്കുറവ്

അവർ അമർത്തുന്ന അക്കങ്ങളിൽ
എന്നിലെ പ്രവാഹം നിലക്കുന്നു
എനിക്കാവുന്ന അക്കങ്ങളിലേക്ക്
അവരിറങ്ങാൻ മടിക്കുന്നു

ലോകം ഉറങ്ങട്ടെ.
കളി എത്ര കണ്ടിരിക്കുന്നു.
പാറ്റകൾ വട്ടം ചേർന്നു.
പെട്ടെന്ന്,
വളരെ പെട്ടെന്ന്
ഒക്കിനാവോയിലെ തലച്ചോറിൽ
കിരുകിരുപ്പ്, മന്ദത

പ്രതിനിധി ബുള്ളെറ്റിനിൽ കുറിച്ചിട്ടു.
നാഡീശോഷണം

ചാവേർ ആയവരെപ്പറ്റിയുള്ള ഓർമ്മ
അലമാരകൾക്കുള്ളിലിരുന്നവരെ
വിറപ്പിച്ചു,
എങ്കിലും
രാത്രിയാകാൻ, സംഘം കൂടാൻ
അവർ പകൽപ്പോളകൾക്കുള്ളിൽ
പതുങ്ങിയിരുന്നു.

നൊടിയിടയിൽ ചിതറാൻ പാകത്തിൽ
ജാഗ്രതയോടെ
പ്രപഞ്ചത്തെ തുണിലും തുരുമ്പിലും
അറിഞ്ഞു കൊണ്ട്

ഇപ്പോഴും
തന്നാലാവുന്നത് ചെയ്തു കൊടുത്ത്
ഊരിയും പിഴിഞ്ഞും
ഒറ്റയ്ക്കൊരു മൂലയിൽ
പതുങ്ങുന്ന 15 എന്ന അക്കത്തിൽ
നിലംപറ്റിച്ചേർന്ന് മുതുക് കുനിയ ബാലൻ.

## 5

# മടക്കം

ഉറക്കം വന്ന് സ്പർശിക്കാത്തൊരാളെ
രാത്രി
അതിന്റെ പണിശാലയിലേക്ക്
കൂട്ടിക്കൊണ്ടു പോകുന്നു

ഒരു സംഘമായിരുന്നാണ് അവർ ഇരുട്ടിനെ
രാകി രാകി മിനുക്കുന്നുന്നത്
പകലിന്റെ
അലകുകൾ തെളിയും വരെ
അത് തുടരേണ്ടതുണ്ട്

പൂക്കാൻ ഒരു മരം
പൊഴിയാനൊരു പടം
വിണ്ടുപൊട്ടി മണ്ണിൽ പുതയാൻ
ഒരു വിത്ത്
പിടിവള്ളികൾക്കായ് ഒരു തലപ്പ്

തൊട്ടിലിൽ, കട്ടിലിൽ
വെറും നിലങ്ങളിൽ
വിയർപ്പൊട്ടുന്ന
വാഴ്‌വിന്റെ
വെമ്പലുകൾ

ഷിഫ്റ്റുകൾ
മാറിക്കൊണ്ടിരിക്കുന്നു
മനുഷ്യ നിർമ്മിതി
പ്രപഞ്ച നിർമ്മിതി
യന്ത്ര നിർമ്മിതി
ആത്മാവിഷ്കാരങ്ങൾ

മൂർത്തം
അമൂർത്തം

തീർപ്പുകൾ പലതാണ്
മേലേക്ക് ഉയരണം
താഴേക്ക് നിലം പറ്റണം
മടിയിൽ ഭാരമുള്ളവൻ
ഒരല്പം നിദ്ര കടം ചോദിക്കുന്നു
നെടുവീർപ്പോടെ
പ്രതീക്ഷയുടെ വെറുംനിലത്തേക്ക്
കണ്ണുകൾ പായിക്കുന്നു.
പരിത്യക്തനായ ഒരുവനിൽ
നിദ്ര
വാഴ്‌വയുടെ മൂർദ്ധന്യതയിൽ
വീണ്ടും മൂർച്ച കൂട്ടുകയാണ്
അവനെ രാത്രിയുടെ രാജാവായി
വാഴിക്കുകയാണ്.

വരുന്നവരും പോകുന്നവരെയും
രാത്രി വളരെ സമർത്ഥമായി
തന്നിൽ ഒളിപ്പിക്കുന്നു
അവർ പരസ്പരം
അറിയാതിരിക്കേണ്ടതാകയാൽ...

പകലിന്റെ ചെളിപിടിച്ച വസ്ത്രം
രാവിൽ അഴിച്ചു വച്ച് ആരോ കരയുന്നു
ശരീരഘടികാരങ്ങളിൽ
ചുവപ്പിന്റെ മഷി
ജീവിതനിരാസത്തോടെ
ഭാഷയില്ലാത്ത
ഒന്ന് തിരികെ മടങ്ങുന്നു
അടയാളങ്ങളൊന്നും അവശേഷിപ്പിക്കാതെ

ലക്ഷ്യം തെറ്റിയ പോലെ
മഴമേഘങ്ങൾ

ആരെയോ
വേർപിരിയലിന്റെ വിഷാദം
പൊതിയുന്നു
എവിടെ നിന്നോ നിലക്കാത്ത കണ്ണുനീർ
ദിക്കുകളിൽ നിന്ന് വലയം ചെയ്യുന്ന സങ്കട
ത്തിന്റെ കാൽപ്പാടുകൾ
മനസ്സിനെ ശുദ്ധീകരിക്കുന്ന
കതാർസിസ്

തീർച്ചയായും
ലോകത്തിന് അകത്തും പുറത്തുമുള്ള
ചിലതൊക്കെ കണ്ടു തീർക്കെ
ഉറക്കം വന്ന് തൊടുന്നു
മടക്കം അതിവേഗത്തിലാവുന്നു.

## 6

# മഴ

ചെന്തീ പോലൊരു മാലാഖ
കൂട്ടിക്കൊണ്ട് പോയ
ആളെ കാണുവാൻ
അന്നൊരിക്കൽ നട കയറി

ബലമുള്ള കൈകളിൽ
മുറുക്കെപ്പിടിച്ച
മരണത്തെ കാണുവാൻ
ബാലികയുടെ ചെറു ചുവടുകൾ

കുത്തനെയുള്ള പടവുകൾ
പായൽപച്ച
പന്നൽവിശറികൾ

പാതി വഴിയിൽ അധികനിരപ്പ്

അത് ശ്വാസത്തെ
കിതപ്പിച്ച നേർപ്പിച്ചാറ്റി.

പടവുകൾ അവസാനിക്കുന്നിടത്ത്
നടുമുറ്റത്ത്
പേടകത്തിനുള്ളിൽ
മരണം.

ചുറ്റും
പരിമള ധൂപങ്ങളുടെ ഗന്ധം
പ്രത്യാശയുടെ ഗീതങ്ങൾ

കൂമ്പിയ കണ്ണുകളുടെ നിര
അത് വിരഹം, വേർപാട്, ശൂന്യത
എന്നീ വാക്കുകൾ പഠിപ്പിച്ചു.

മഹിമ പുതപ്പിച്ച അന്തിവെട്ടം
ജപങ്ങളിൽ പെരുക്കങ്ങൾ
ആവർത്തനങ്ങളുടെ ദീർഘദൂരങ്ങൾ
കോട്ടുവായകൾ

പുഷ്പചക്രങ്ങളിൽ നിന്ന്
പറന്ന് പൊങ്ങി
ദുഃഖത്തിന്റെ അളവെടുക്കുന്ന
കരിവണ്ട്.

മുനിഞ്ഞു കത്തുന്നവയെ
കെടാതെ സൂക്ഷിക്കുന്ന
കൈക്കുമ്പിൾ കരുതലുകൾ
ജീവനിൽ നിന്നേ ജീവനുള്ളൂ.
ബോധത്തിൽ
ആരോ പറഞ്ഞു തരുന്നു...

പടിയിറങ്ങുമ്പോൾ
പേരറിയാത്ത പൈതങ്ങൾ
കൽകെട്ടുകളുടെ കൈവരികളിലൂടെ
ഊർന്നിറങ്ങുന്ന കാഴ്ച

മൂട് പോയ കളസങ്ങൾ
തൊലിപ്പുറത്തെ തിണർപ്പുകൾ
അവർ ആർപ്പുവിളിക്കുന്നു

ഒന്നിന്റെ മറുവശം

തീർച്ചയായും ആ കരിവണ്ട്
അതും കണ്ടിട്ടുണ്ട്
പൂക്കളുടെ നെഞ്ചകങ്ങളിൽ
പതിയിരിക്കുന്ന അരിവിത്തുകൾ
അത് കേട്ടിട്ടുമുണ്ടാവും.

അതിലൊരാൾ
വിധവയെന്ന നാമം
മരണം മുദ്രകുത്തി കൊടുത്തവൾ
പാതി കൂമ്പിയ കണ്ണുകൾ
പിറ്റേന്നത്തേക്ക് വിടർത്തുവാൻ
ജാഗ്രത്തോടെ സൂക്ഷിച്ചു.
ക്ഷണികമാണ് എല്ലാം
എന്നറിഞ്ഞു കൊണ്ടുതന്നെ
ഒരു പിടി കുന്തിരുക്കം
മണ്ണിലേക്കെറിഞ്ഞു തീർത്തു
ശേഷം
ഓർമ്മയെ നിശ്ചയത്തിന്റെ
അടപ്പിട്ടു മുറുക്കി.

ശേഷം
പെയ്തടങ്ങാത്ത മഴ
ഇതെപ്പോൾ തോർന്നു കിട്ടും?
പടിവാതിൽക്കൽ നിന്ന്
അവർ മാനത്തോട് ആരാഞ്ഞിട്ടുണ്ടോ?
ഇതെങ്ങനെ കടിച്ചമർത്തും എന്ന്
ചുണ്ടുകളോട്,
ഇതും കൂടി ഒഴുക്കിലേക്ക്
കലർത്തട്ടെ എന്ന് പുഴയോട്.

പിന്നെയുമുണ്ട്...
അവ്യക്തമായ നിരവധി
അനുമാനങ്ങൾക്കപ്പുറത്ത്
നിന്നും ജീവിതം
കൺമിഴിക്കുന്നു.

□

## റോസ് ജോർജ്



കേരള യൂണിവേഴ്സിറ്റി കാര്യവട്ടം ക്യാംപസിൽനിന്നും പൊളിറ്റിക്കൽ സയൻസിൽ എം. ഫിൽ. Bitter Almonds, Ether Ore എന്നീ English ആന്തോളജികളിൽ കഥകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡോക്ടർ മിനി ബാബുവിന്റെ ഷോർലൈൻസ് എന്ന ആംഗലേയ കാവ്യസമാഹാരത്തിന്റെ സ്വതന്ത്ര വിവർത്തനം 'ഒരേ പകൽ' എന്ന പുസ്തകത്തിലൂടെ നിർവ്വഹിച്ചിട്ടുണ്ട്. ആനുകാലികങ്ങളിലും നവമാധ്യമങ്ങളിലും എഴുതുന്നു. വായനയും സാഹിത്യവും എഴുത്തും ഏറെ പ്രിയം.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014